ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന വിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുശരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ (എം.എസ്.) നമ്പർ. 11/2011/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന നടപടി

18(1257) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി :
ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന തീരുമാനം നടപ്പിലാക്കാനായി സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് ആരാഞ്ഞ ഹൈക്കോടതിക്ക് എന്ത് മറുപടിയാണ് നൽകിയത്;

(സി) സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി എന്നറിയിക്കുമോ?

ഉത്തരം

(എ-സി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 18-12-2010-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി എന്നാൽ ഈ തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി ആവശ്യമാണെന്നും ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളുവെന്നും ഇങ്ങനെ നടക്കുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ലെന്നും നിലവിലുള്ള നിയമ വ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആവുകയില്ലെന്നും അങ്ങനെ ചെയ്താൽ അതിന് നിയമസാധുത ഉണ്ടാവുകയില്ലെന്നും വ്യക്തമാക്കപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ. (എം.എസ്.) നമ്പർ. 11/2011/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബഹു. കേരള ഹൈക്കോടതി 3-11-2009-ൽ 25897/2006 തുടങ്ങി ഒരു കൂട്ടം റിട്ട് പെറ്റീഷനുകൾ പരിഗണിക്കവേ കേരളത്തിലെ വിവിധ സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്ത് നിയമങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്ന കാര്യം പരിഗണിക്കണമെന്ന് നിരീക്ഷിച്ചു.9-4-2010-ലെ കത്തിലൂടെ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഹു. ഹൈക്കോടതിയെ അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിരുന്നു.

സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുകയും പ്രത്യേക നിയമനിർമ്മാണം നടത്തുകയും ചെയ്താൽ മാത്രമേ റിക്രൂട്ട്മെന്റ് നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുവാൻ കഴിയുകയുള്ളൂ.

കൃഷി മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും ജപ്പാൻ സന്ദർശനം

19(1258) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പു മന്ത്രിക്കും ഉദ്യോഗസ്ഥ സംഘത്തിനും ജപ്പാൻ സന്ദർശിക്കാൻ മുഖ്യമന്ത്രി അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള ചെലവ് വഹിക്കുന്നത് ഏത് ഫണ്ടിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ യാത്രയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly